| | |
|---|---|
| **വെള്ളിയാഴ്ച ഖുതുബ** | **FRIDAY SERMON** |
| **ഹസ്രത്ത് അമീറുൽ മുഅ്മിനീൻ മുഹ്യിദ്ദീൻ** | **Hazrat Ameerul - Mumineen - Muhiyiddin** |
| **മുനീർ അഹ്മദ് അസീം (അ)** | **Munir Ahmad Azim (A)** |
| **30 ആഗസ്റ്റ് 2013** | **30th August 2013** |
| **(22 ഷവ്വാൽ 1434 ഹിജ്രി)** | **(22 Shawwal 1434 Hijiri)** |

## (വെള്ളിയാഴ്ച ഖുതുബാ സംഗ്രഹം)

ഞാനിന്ന് ഖുതൂബയുടെ വിഷയത്തിലേക്ക് വരുന്നതിന് മുമ്പ്, മൗറിഷ്യസിലും മറ്റു രാജ്യങ്ങളിലുമുള്ള എല്ലാ ഇസ്ലാം മത വിശ്വാസികളായ സഹോദരി സഹോദരന്മാർക്കും, കുട്ടികൾക്കും, അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹിവ ബർക്കാത്തുഹു പറയുന്നു. ഇറാൻ, ഇറാക്ക്, സിറിയ, ഈജിപ്ത് എന്നീ രാജ്യങ്ങളിലെ മുസ്ലിം സഹോദരീ സഹദരന്മാർ നേരിടുന്ന പ്രയാസങ്ങളെ മറക്കാതെ, ഞാനവർക്കുവേണ്ടി ധാരാളമായി പ്രാർത്ഥിക്കുന്നു; അല്ലാഹു (ത) നിങ്ങളുടെ ഹൃദയങ്ങളെ തുറന്ന് സത്യം പ്രവേശിപ്പിക്കട്ടെ: ആമീൻ.

ഞാൻ മുകളിൽ സൂചിപ്പിച്ച രാജ്യങ്ങളിലെ ജനത "അറബിക്" നന്നായി അറിയാവുന്നവരാണ്. പരിശുദ്ധ ഖുർആൻ അവതരിച്ചത് അറബിക് ഭാഷയിലാണ്. അവരിൽ നിന്നാണ് അല്ലാഹുവിന്റെ ഏറ്റവും ശ്രേഷ്ഠനായ പ്രവാചകൻ മുഹമ്മദ് (സ)യെ നിയോഗിച്ചത്. അദ്ദേഹവും അറബിക് ഭാഷയാണ് സംസാരിച്ചിരുന്നത്. ഇസ്ലാമിനെ ഏറ്റവും നന്നായി മനസ്സിലാക്കിയത് അവരാണ്. അവർ ദൈവീക വെളിപാടുകളിൽ വിശ്വസിച്ചിരുന്നു. എന്നാൽ ദൗർഭാഗ്യവശാൽ അവരും ഇസ്ലാമിന്റെ അധ്യാപനങ്ങളെ ചവിട്ടിത്തള്ളുകയാണ് ചെയ്തത്. അതിന്റെ അനന്തര ഫലങ്ങൾ ലോകമെങ്ങുമുള്ള മുസ്ലിംകൾ നേരിടുകയാണ്. ആയതിനാൽ ഞങ്ങൾ, ഞങ്ങളുടെ ദുആകളിൽ അവരെ സ്മരിക്കുന്നു. അവർ ചുറ്റുമുള്ള ദീപു സമൂഹങ്ങളില്ലാണെങ്കിലും ശരി. നമ്മളുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന മുസ്ലിം സഹോദരീ സഹോദരന്മാർക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുന്നു. ഉന്നതങ്ങളിൽ നിന്നും ഒരിളങ്കാറ്റ് വീശിക്കൊണ്ടിരിക്കുന്നു. ദ്വീപിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ആലിപ്പഴം വീണുകൊണ്ടിരിക്കുന്നു. കിഴക്കുനിന്നും, പടിഞ്ഞാറുനിന്നും, തെക്കു നിന്നും വടക്കു നിന്നു പോലും മാത്രമല്ല പ്ളയിൻവെൽഹംസിൽ നിന്നും.

മൗറീഷ്യസിലും ചുറ്റുമുള്ള പ്രദേശങ്ങളിലും ഖുതൂബ ലൈവ് ആയി കേട്ടുകൊണ്ടിരിക്കുന്നു. മുസ്ലിം സഹോദരീസഹോദരന്മർക്കും കുട്ടികൾക്കും ഞാൻ അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു നേരുന്നു. സമീപ ദ്വീപായ 'കോമറോസ്'ലെ സഹോദരീ സഹോദരന്മാർക്കും സലാം പറയുന്നു. കോമറോസ് ദ്വീപിലെ ബഹുമാന്യനായ പ്രീഫെക്ടിനും ഞങ്ങളുടെ എല്ലാ പേരുടെയും സലാം എത്തിക്കുന്നു. അവർ കരുതി അവരെ നമ്മൾ മറുന്നു എന്ന്. എന്നാൽ അറിയുക ഞങ്ങൾ ഒരിക്കലും നിങ്ങളെ മറക്കില്ല. നിങ്ങൾ ചെയ്യുന്ന ദീനീ സേവനം പ്രശംസനീയമാണ്. ഈ നൂറ്റാണ്ടിലെ വിശിഷ്ട അനുയായികളാണ് നിങ്ങൾ. കോമറോസിലും, മയോട്ടയിലും, മഡഗാസ്ക്കറിലും, റീ യൂണിയൻ ഐലന്റിലും, റോഡ്രിഗ്രിസിലും, സെപെല്ലിസിലും, ജിബോട്ടിയിലും, കാഡന, ലണ്ഡൻ, ജർമ്മനി, ട്രിനാട്, ടൊബാഗോ, അബുദാബിയിലും ലോകത്തിലെ മറ്റു രാജ്യങ്ങളിലും നിങ്ങൾ ചെയ്യുന്ന ദീനീ പ്രവർത്തനം പ്രശംസനീയം തന്നെയാണ്. നിങ്ങൾക്കെല്ലാപേർക്കും ഞാൻ അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു നേരുന്നു.

ജമാഅത്ത് അഹ്മദിയ്യായിലെ സഹോദരീ സഹോദരനമാരെ മറന്നിട്ടില്ല കാരണം നമ്മൾ ഒരേ ബോട്ടിൽ സഞ്ചരിച്ചിരുന്നവരാണല്ലോ. നിങ്ങളെ ഓർക്കുന്നു; നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അല്ലാഹു (ത) നിങ്ങളെ പ്രകാശിപ്പിക്കട്ടെ, മറ്റുള്ളവർക്ക് അവൻ തൗഫീഖ് ചെയ്യുന്നതുപോലെ നിങ്ങൾക്കും അവൻ തൗഫീഖ് ചെയ്യട്ടെ, അല്ലാഹു (ത) നിങ്ങളുടെ കണ്ണുകൾ തുറക്കട്ടെ; കണ്ണിലെ പാട മാറ്റട്ടെ, അല്ലാഹു നിങ്ങളുടെ ഹൃദയം തുറക്കട്ടെ, അതിലേക്ക് ദൈവീക പ്രകാശം പ്രവേശിക്കട്ടെ, അതിലൂടെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ തിരിച്ചറിയുവാനുള്ള സൗഭാഗ്യം ലഭിക്കട്ടെ.

ഇന്ന് നിങ്ങളുടെ മുമ്പിൽ നിന്ന് സംസാരിക്കുന്നത് മാനസ്സിക വിഭ്രാന്തി ബാധിച്ച ഒരാളല്ല. മറിച്ച് മനുഷ്യരുടെ കൈകളാൽ യഥാർത്ഥ അധ്യാപനം മാറ്റി മറിച്ചപ്പോൾ, അല്ലാഹു താൻ തന്നെ, യഥാർത്ഥ അധ്യാപനം ലോക സമക്ഷം പഠിപ്പിക്കുന്നതിനുവേണ്ടി, അല്ലാഹുവിൽ നിന്ന് നിയോഗഗിച്ച ഒരാളാണ്. ഇസ്ലാമിന്റെ വക്താക്കൾ മുല്ലാക്കളും നേതാക്കന്മാരുമാണ് എന്ന് അവർ സ്വയം തീരുമാനിക്കുമ്പോഴുള്ള അല്ലാഹുവിന്റെ നടപടിയാണിത്. ഈ അധ്യാപനങ്ങളെ അവർ വിലകുറച്ചുകാണുന്നു. അവർ അതിനെ കാലിനടിയിലിട്ട് ചതച്ചരയ്ക്കുന്നു. അവർ അവരിൽ നിന്നുതന്നെ വിഗ്രഹങ്ങളെ സൃഷ്ടിക്കുന്നു. മറ്റുള്ളവരെല്ലാം ഭയപ്പെടേണ്ട വ്യക്തിയാണ് അവരുടെ നേതാവ് എന്ന് അവർ പ്രചരിപ്പിക്കുന്നു.

ആയതിനാൽ, നമ്മുടെ അഹ്മദി സഹോദരന്മാരോടും കുട്ടികളോടും ഞാൻ പറയുന്നു. ജമാഅത്ത് അഹ്മദിയ്യായിൽ നല്ല അഹ്മദി സദോഹരന്മാരും സഹോദരീമാരും ഞങ്ങൾക്കുണ്ട്, അവരുമായി ഞങ്ങൾക്ക് നല്ല നിലയിലുള്ള ബന്ധമുണ്ട്. എന്നാൽ അവരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുന്നില്ല. ജമാഅത്ത് അഹ്മദിയ്യാ യു.കെ. ജലസസാലാന ഇന്നത്തെ ജുംആ ഖുതുബയോടെ ആരംഭിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു.

## കേരളത്തിലെ ബൈഅത്തുളെ സംബന്ധിച്ച പ്രശ്നങ്ങൾ ഖലീഫത്തുൽ മസീന് V-ാമന്റെ മുമ്പാകെ:

കേരളത്തിൽ മൂന്ന് ആളുകൾ ബൈഅത്ത് ചെയ്ത്, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിച്ചതു സംബന്ധിച്ച റിപ്പോർട്ടുകൾ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടാകും, ഖലീഫ എന്താണ് പറയുന്നതെന്നറിയാൻ അവരുടെ ഭാര്യമാർ കാതോർക്കുകയാണ്. അവരുടെ ഭർത്താക്കന്മാരിൽ നിന്നും വിവാഹമോചനം നേടണമോ? അതോ വേണ്ടയോ? എന്തുകൊണ്ട്?

## വിശ്വാസത്തിന്റെ പേരിൽ

അല്ലാഹുവിന്റെ ഒരു ഖലീഫ ആഗതനായിരിക്കുന്നു എന്നറിഞ്ഞ ഈ സഹോദരന്മാർ അദ്ദേഹത്തിൽ വിശ്വസിച്ചു. മറ്റൊരു കാര്യത്തിലും ഒരു പ്രശ്നവും ഒരു തർക്കവുമില്ല. ഭാര്യാഭർത്തക്കന്മാർ തമ്മിൽ വേർപിരിയുന്നതിനു കാരണമായിരിക്കുന്നത് ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിച്ചതിന്റെ പേരിലാണ്. കുറ്റകരമായ മറ്റു പ്രശ്നങ്ങളിൽ അവർ കണ്ണടച്ചിരിക്കുകയാണ്. ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ. കുട്ടികളുടെ പ്രശ്നങ്ങൾ, കുടുംബത്തിന്റെ പ്രശ്നങ്ങൾ, ജമാഅത്തിന്റെ പ്രശ്നങ്ങൾ - അവരുടെ മുമ്പിലുള്ള ഒരേയൊരു പ്രശ്നം ദൈവീക വെളിപാടുകളാണ്/ദൃഷ്ടാന്തങ്ങളാണ്. ഖലീഫത്തുൽ മസീഹ് അഞ്ചാമന്റെ മറുപടിക്കായി അവർ കാത്തിരിക്കുകയാണ് - അദ്ദേഹത്തിന്റെ സഹായികളായ വക്കീലുത്തബ്ശീറും അഡീഷണൽ വക്കീലുത്തബ്ശീറും ഇതിനുള്ള മറുപടി നല്കുമെന്ന പ്രതീക്ഷയിൽ. അദ്ദേഹത്തിനു ചുറ്റുമുള്ള ഈ ആളുകൾ അദ്ദേഹത്തെ ഉപദേശിക്കുന്നുണ്ടാകും. അദ്ദേഹം ഈ കാര്യത്തിൽ എന്തു തീരുമാനമെടുക്കുമെന്ന്.

## ഖലീഫത്തുൽ മസീഹ് എങ്ങനെ തീരുമാനമെടുക്കുന്നു?

നിങ്ങളറിയണം, മനുഷ്യർ തിരഞ്ഞെടുത്ത ഖലീഫ തങ്ങളുടെ സഹപ്രവർത്തകരുമായി ആലോചിച്ച് തീരുമാനമെടുക്കുന്നു.

## അല്ലാഹുവിന്റെ ഖലീഫ എങ്ങനെ തീരുമാനമെടുക്കുന്നു?

എന്നാൽ അല്ലാഹുവിന്റെ ഖലീഫ, ഖലീഫത്തുല്ലാഹ് ദുആയിലൂടെയാണ് അദ്ദേഹത്തിന് മാർഗ്ഗദർശനം ലഭിക്കുന്നത്. അദ്ദേഹത്തിന്റെ കൂടിക്കാഴ്ച അല്ലാഹുവുമായിട്ടാണ്. തദനന്തരം, അല്ലാഹു, താൻ തന്നെ, അദ്ദേഹത്തിന് തീരുമാനമെടുക്കുവാനുള്ള സന്ദേശം നല്കുകയാണ് ചെയ്യുന്നത്.

ആയതിനാൽ മൂന്നു ദിവസങ്ങളിലായി നടത്തുന്ന ജൽസാ സാലാന 2013ൽ നിങ്ങൾക്ക് നന്മ ആശംസി

ക്കുന്നു. 2013 ആഗസ്റ്റ് 30, 31 സെപ്റ്റംബർ, എന്നീ ദിനങ്ങളിൽ നടത്തുന്ന ഈ ജൽസ ഇനി ഒരിക്കലും ഉണ്ടാകില്ല. ആയതിനാൽ ഈ ജൽസ ആംഭിക്കുന്നതിനുമുൻപ്, നിങ്ങൾ സ്വയം തയ്യാറെടുക്കുക. പറയുവാനുള്ളതെല്ലാം പറയുക. എല്ലാവിധ ആക്രമണത്തിനും തയ്യാറാവുക, ഞങ്ങൾ (ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം) എന്റെ കയ്യിലുള്ള അല്ലാഹുവിന്റെ പരിചയുമായി തയ്യാറായി നില്ക്കുകയാണ്. നിങ്ങൾ തൊടുത്തുവിടുന്ന എല്ലാ അമ്പുകളും ഈ പരിചകൊണ്ട് നേരിടുന്നതാണ്.

## ഈ കാലഘട്ടത്തിലെ അബൂതൽഹാമാർ

എനിക്കെതിരായി തൊടുത്തുവിടുന്ന അമ്പുകൾ തടയാൻ എനിക്കും ഒരു അബൂതൽഹ ഉണ്ടാകും. നിങ്ങൾ തൊടുത്തുവിടുന്ന ഏത് അമ്പുകളും ഈ വിനീതനെ സംരക്ഷിക്കുന്നതിനുവേണ്ടി അവൻ അവന്റെ കൈകൊണ്ട് തടയും. തന്റെ കയ്യിൽ അണിയുന്ന വിലപിടിപ്പുള്ള ഒരു വളയും അവൻ ഗൗനിക്കുകയില്ല. ഹസ്രത്ത് അബൂൽതൽഹ തന്റെ കൈയേക്കാളും കയ്യിലണിയുന്ന രത്നത്തെക്കാളും പ്രാധാന്യം വിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)യുടെ മുഖമായിരുന്നു. തങ്ങളുടെ കയ്യിലുള്ള വിലപിടിപ്പുള്ള രത്നത്തെ, വളരെ വലിയ കാര്യമായി കരുതുന്ന ചിലരുണ്ട്. എന്നാൽ ഹസ്രത്ത് അബൂതൽഹ (റ) തന്റെ ജീവനും തന്റെ കരവും തുളുച്ചു കയറുന്ന അമ്പുകളെ പ്രതിരോധിക്കുന്നതിന് വിട്ടുകൊടുത്തു. മുഹമ്മദ് (സ)ന് ഒരു പോറലും ഏല്കുന്നതിന് അനുവദിച്ചില്ല. ഇത് തങ്കലിപികളിൽ രേഖപ്പെടുത്തിയ ചരിത്ര സത്യമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എന്റെ ആത്മാർത്ഥ അനുയായികളിലൂടെ ഈ ചരിത്രം ഇവിടെ ആവർത്തിക്കുന്നു. ഈ ആത്മാർത്ഥ അനുയായികളെ അല്ലാഹു അനുഗ്രഹിക്കട്ടെ. (മുബാറക്ക് ഹോ!)

ജമാഅത്ത് അഹ്മദിയ്യാ പറയുന്നു. അതായത് ജമാഅത്തിന് ലക്ഷക്കണക്കിനാളുകൾ ലോകത്തുണ്ട്. ഹസ്രത്ത് മസീന് മൗഊദ് (അ) നും ഹസ്രത്ത് മുസ്‌ലിഹ് മൗഊദ് (അ)നും എതിരിൽ എണ്ണമറ്റ ആക്രമണങ്ങൾ നടത്തുകയുണ്ടായി. ഈ ആരോപണങ്ങൾക്ക് മറുപടി പറയുവാൻ ഒരു അഹ്മദിയും ഇല്ലേ? ഈ പറയപ്പെടുന്ന അമീർമാരും മുല്ലാക്കളും എന്തേ പ്രതിരോധിക്കാത്തത്?

## കപട വിശ്വാസികൾക്കാണ് അപമാനം:

അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമിനെ അല്ലാഹു അയച്ചിരിക്കുന്നത് ആത്മാർത്ഥ അനുയായികളുമായിട്ടാണ്. മറ്റുള്ളവർ വെളിപാടുകളുടെ മഹത്വം അറിയാത്തവരാണ്. അവർ ദൈവീക വെളിപാടുകളെ ശ്രദ്ധിക്കാത്തവരാണ്. അതുകൊണ്ട് അവർ മറ്റുള്ളവർ എഴുതിവെച്ചിരിക്കുന്ന കുറിപ്പുകളെയാണ് ആശ്രയിക്കുന്നത്. ഇസ്‌ലാമിലെ വിവിധ കക്ഷികൾ രേഖപ്പെടുത്തിയിരിക്കുന്ന കുറിപ്പുകളെയാണ് അവർ ശ്രദ്ധിക്കുന്നത്. എന്നാൽ, ഇന്ന് ദൈവീക ദൃഷ്ടാന്തത്തിലൂടെ, അവർക്ക് ലഭിച്ച എല്ലാ സന്ദേശങ്ങളും അവർ മറന്നുപോയിരിക്കുന്നു. നിശ്ചയമായും. അല്ലാഹുവാണ് അവരുടെ കണ്ണുകൾക്കുമേൽ മറ ഇട്ടത്; അവരുടെ ഹൃദയങ്ങൾ കല്ലുപോലെയായിത്തീർന്നു, വിശ്വാസം എവിടേക്കോ പറന്നുപോയി. അവർക്ക് ഈ അനുഗ്രഹങ്ങളെല്ലാം നഷ്ടമായി. സ്വഷ്ടാവായ അല്ലാഹുവിൽ നിന്ന് തങ്ങൾക്കു ലഭിച്ച വെളിപാടുകൾ, തങ്ങൾക്ക് ആഹാരം നല്കുന്ന സ്വഷ്ടാവ്, ഇപ്പോൾ ഈ സന്ദേശങ്ങളെ അവർ വിലകുറച്ചുകാണുന്നു. ഇന്നിപ്പോൾ മറ്റു മുസ്ലിംകൾ അവർക്ക് കല്പനകൊടുക്കുന്നു. അവർ നിങ്ങൾക്ക് മാർഗ്ഗദർശനം നല്കുന്നു, നിങ്ങളുമായി സംസാരിക്കുന്നു (എന്നാൽ ഈ നേതാക്കന്മാരെയും അവർ പ്രതിനിധാനം ചെയ്യുന്നവരെയും മുമ്പ് ദൈവീക വെളിപ്പാടുകൾ ലഭിച്ചിരുന്നപ്പോൾ, നിങ്ങൾ മുന്നറിയിപ്പ് നല്കിരുന്നതാണ്.)

## ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം സ്ഥാപിച്ചത് ആര്?

ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം സ്ഥാപിച്ചത് അല്ലാഹു (ത) ആകുന്നു. അവരുടെ തെറ്റിൽ നിന്നും പുറത്തുവരാൻ അവർക്കൊരു പാഠം പഠിപ്പിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. ആയതിനാൽ അവർക്ക് നമ്മൾ ഒരു സന്ദേശം നല്കുകയാണ്.

**അങ്ങനെ ഓരോമിനിട്ടും, ഓരോ സെക്കന്റും കടന്നു പൊയ്ക്കൊണ്ടിരിക്കുമ്പോൾ, അല്ലാഹു അവർക്ക് മുന്ന റിയിപ്പ് നല്കിയിട്ടുള്ളതിന്, നാമോരോരുത്തരും സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹു (ത) പറഞ്ഞു. അവരിൽ ഓരോരുത്തരും അപമാനിതരായിത്തീരുക തന്നെ ചെയ്യും. അല്ലാഹു അവരെ അപമാനത്തിലും, നാശത്തിലും കൊണ്ടെത്തിക്കുന്നതാണ്. അല്പാല്പമായ, അവരറിയാതെ അവരുടെ മക്കളിലൂടെ, ആ അപമാനങ്ങൾ അവരെ പിടികൂടുന്നതാണ്. അവരുടെ ധനങ്ങളിലൂടെയും മറ്റു സാധന സാമഗ്രികളിലൂടെയും ആ അപമാനം അവരെ തേടി യെത്തുന്നതാണ്. എല്ലാ രംഗങ്ങളിലും അവർ അപമാനിതരായിതീരും.**

ആയതിനാൽ, ഇതിനെകുറിച്ചെല്ലാം ആലോചിക്കുക. ഇപ്പോൾ, ജമാഅത്ത് അഹ്മദിയ്യായ്ക്ക് മൂന്നു ദിവ സങ്ങൾ കിട്ടിയിരിക്കുകയാണ്. സുവർണ്ണാവസരങ്ങൾ. മുനീർ അഹ്മദ് അസീമിനെക്കുറിച്ച് അവർക്ക് ധാരാളം സംസാരിക്കാൻ ഉണ്ടാകും. കാത്തിരിക്കുക. ഞാനും നിങ്ങളോടൊപ്പം കാത്തരിക്കുകയാണ്. വരുക. മുന്നോട്ടു വരിക, സംസാരിക്കുക. കാരണം നിങ്ങളാണ് (ജമാഅത്ത് അഹ്മദിയ്യ) പറഞ്ഞത് രണ്ടുപേർ പുറത്ത്, ലക്ഷങ്ങൾ അകത്ത് (കേരളത്തിൽ സംഭവിച്ചതിനെ പരമാർശിച്ച് ഖലീഫത്തുല്ലാഹ് പറഞ്ഞു) ജമാഅത്തു അഹ്മദിയ്യായിൽ നിന്ന് മൂന്ന് ആളുകൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിച്ചു. അവർ പരിഭ്രമിക്കുകയാണോ? അവർ പേടിച്ചു വിറയ്ക്കുകയാണോ? എല്ലാവിധ സൗകര്യങ്ങൾക്കും ഉടമകളായവർ എന്തു ചെയ്യണമെന്നറിയാതെ ഉഴു ലുകയാണോ? അല്ലാഹുവിന്റെ ഖലീഫയുടെ കയ്യിൽ മൂന്ന് പേർ മാത്രം ബൈഅത്ത് ചെയ്തപ്പോൾ, ഇന്ത്യയിലെ, കേരള സംസ്ഥാനത്ത് ഉയർന്ന വിഭ്രാന്തി നോക്കു. ഞാൻ നിങ്ങളോടു പറയുന്നു - ഇത് നിങ്ങൾ അടിവര ഇട്ടു സൂക്ഷിക്കുക. ഇൻഷാ അല്ലാഹ്.

## നൂതന ബൈഅത്ത് സംബന്ധിച്ച പ്രവചനം

**ഈ വർഷം അവസാനിക്കുന്നതിനു മുമ്പ്, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ ഇനിയും ആളുകൾ ബൈഅത്ത് ചെയ്തു പ്രവേശിക്കുന്നതാണ്. ഇൻശാ അല്ലാഹ്. ഇത് സംഭവിക്കുന്നതിൽ നിന്നും തടഞ്ഞു നിർത്തു വാൻ നിങ്ങൾക്ക് കഴിയുകയില്ല.**

**പീഡനം കേരളത്തിൽ**

നിങ്ങളാഗ്രഹിക്കുന്നതുപോലെ പ്രവർത്തിച്ചുകൊള്ളുക. നിങ്ങളവരെ പീഡിപ്പിച്ചു എന്നാൽ അവർ തങ്ങ ളുടെ വിശ്വാസത്തിൽ ഉറച്ചു നിന്നു. എന്തുതന്നെ സംഭവിച്ചാലും ഞങ്ങളുടെ വിശ്വാസം കയ്യൊഴിയാൻ ഞങ്ങൾ തയ്യാറല്ല: ആ തീരുമാനത്തെ വന്ദിക്കപ്പെടേണ്ടതാണ്. (കേരളത്തിൽ പുതുതായി ബൈഅത്തു ചെയ്ത ഒരു സഹോ ദരനെ, പീഡിപ്പിക്കുകയും ജമാഅത്തു അഹ്മദിയ്യായിൽപ്പെട്ട ഭാര്യയിൽ നിന്നും അദ്ദേഹത്തെ വേർപെടുത്തുമെ ന്ന്, ജമാഅത്തു അഹ്മദിയ്യാ ഭീഷണിപ്പെടുത്തുകയും ചെയ്തതിനെ പരാമർശിച്ച് സംസാരിക്കുയായിരുന്നു.) അദ്ദേ ഹത്തിന്റെ എല്ലാ ഭൗതിക സാധനസാമഗ്രികളും, യഥാർത്ഥ വിശ്വാസ സംരക്ഷണത്തിനായി, അതായതു അല്ലാഹു വിനും അവന്റെ റസൂലിനുംവേണ്ടി ത്യജിക്കുവാൻ തയ്യാറാണ് എന്ന് അദ്ദേഹം അവരോടു പറഞ്ഞു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒന്നാം സ്ഥാനം വിശ്വാസത്തിനായിരുന്നു. അദ്ദേഹം പറഞ്ഞു. നിങ്ങൾക്ക് വേണമെങ്കിൽ എല്ലാം എടുത്തുകൊള്ളുക. ഞാൻ വെറും കയ്യോടെ പോകാൻ തയ്യാറാണ്. പക്ഷെ, ഞാൻ മനസ്സിലാക്കുന്നു എന്നോടൊപ്പം അല്ലാഹുവും എവന്റെ ഭൂതനും ഉണ്ടെന്ന്. നിങ്ങൾക്ക് വേണ്ടത് ഭൗതിക സാധനങ്ങളാണ്. നിങ്ങൾ അന്വേഷിക്കുന്നത് ഈ ലോകത്തേയും അതിലുള്ള സാധനങ്ങളെയുമാണ്. എന്നാൽ ഞാൻ ആഗ്രഹിക്കുന്നത് അല്ലാഹുവിനേയും അവന്റെ ദൂതനെയുമാണ്.

ഈ ലോക ജീവിതത്തിനുശേഷം ലഭിക്കുന്ന ഇതിന്റെ പ്രതിഫലം മഹത്തരം തന്നെ.

## അല്ലാഹുവിന്റെ ദൂതന്റെ വില മനസ്സിലാക്കുക:

(എല്ലാ ആളുകളെയും അഭിസംബോധന ചെയ്തുകൊണ്ട് ഖലീഫത്തുല്ലാഹ് തുടർന്നു.)

നിങ്ങൾ വിചാരിക്കുന്നു, അല്ലാഹുവിന്റെ ദൂതന്റെ വില നിങ്ങൾക്കറിയാമെന്ന് - അല്ലാഹുവിന്റെ ദൂതന്റ വില അറിയുന്നകാര്യത്തിൽ നിങ്ങൾ പിന്തുടരുന്നത് നിങ്ങൾ വായിക്കുന്ന എല്ലാ പുസ്തകങ്ങളും, വിശുദ്ധ ഖുർ

ആന്റെ വചനങ്ങളും മറ്റു ഗ്രന്ഥങ്ങളും, ദൈവ ദൂതന്മാരുടെ ജീവചരിത്രങ്ങളും, അവർ നടത്തിയ പ്രബോധന ദൗത്യങ്ങളും മറ്റുമാണല്ലോ. ഞാൻ നിങ്ങളോട് ചോദിക്കട്ടെ! ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ ഉള്ളതാരാണ്? നബി കരീം (സ)ന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്നെങ്കിൽ എന്ന് നിങ്ങൾ ആഗ്രഹിച്ചിരുന്നില്ലേ? അദ്ദേഹത്തിന്റെ അനുയായികളായി തീരാൻ നിങ്ങൾ ആഗ്രഹിച്ചിരുന്നില്ലേ? ചുട്ടു പഴുത്ത മണലാരണ്യത്തിലൂടെ ശത്രുക്കൾ നിർബന്ധപൂർവ്വം വലിച്ചിഴച്ചില്ലേ? പീഡനങ്ങൾക്കു മേൽ പീഡനങ്ങൾ ഏല്പിച്ചില്ലേ? നിങ്ങളുടെ വിശ്വാസത്തെ പരിത്യജിക്കുവാൻ ശത്രുക്കൾ പറഞ്ഞില്ലേ? പക്ഷെ, ഈ പ്രവർത്തനങ്ങളൊക്കെ നിങ്ങളുടെ ഈമാനെ വർദ്ധിപ്പിക്കുകയല്ലേ ചെയ്തത്? പന്തിൽ നിങ്ങൾ എത്ര ശക്തിയായി തട്ടുന്നുവോ, അതിനനുസരിച്ച് അത് ഉയരങ്ങളിലേക്ക് കുതിക്കുകയാണ് ചെയ്യുന്നത്. വളരെ വലിയ ബഹുമതി ലഭിക്കുവാൻ നിങ്ങൾ പറയൂ! അല്ലാഹു ഏകനാണ്/ ഏകനാണ്/ഏകനാണ് എന്നു.

നിങ്ങൾ വിചാരിക്കുന്നു, ഇത്തരത്തിലുള്ള സംഭവങ്ങൾ ചരിത്രത്തിലൂടെ വായിക്കുവാൻ മാത്രമം ഉള്ളതാണെന്ന്. അത്തരത്തിലുള്ള ദൂതന്മാരുടെ കൂടെ അത്തരത്തിലുള്ള അനുയായികളും ഉണ്ടായിരുന്നു എന്ന്, മുസാ (അ) ഇബ്രാഹിം (അ) നൂഹ് (അ) അതുപോലെ അല്ലാഹുവിന്റെ മറ്റു പ്രവാചകന്മാരും, ഒടുവൽ മുഹമ്മദ് മുസ്തഫ (സ)ന്റെ കാലഘട്ടത്തിലും. ഹസ്രത്ത് മസീഹ് മൗഊദ് (അ)ന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്നെങ്കിൽ എന്ന് നിങ്ങൾ ആഗ്രഹിച്ചിരുന്നല്ലേ? അദ്ദേഹത്തെ ശത്രുക്കൾ ഭ്രാന്തനാണ് അഥവാ പരസ്ത്രീഗമനം നടത്തുന്ന ആൾ ആണ് എന്നൊക്കെ വിശേഷിപ്പിച്ചാലും! എല്ലാ മോശമായ പ്രവർത്തിയും ചെയ്യുന്ന ആളാണ് എന്ന് അദ്ദേഹത്തെ അവർ ചിത്രീകരിച്ചില്ലേ? അദ്ദേഹത്തിന്റെ മേൽ അവർ എല്ലാവിധ പരിഹാസങ്ങളും ചൊരിഞ്ഞില്ലേ! അദ്ദേഹം താൻ മറിയം ആണെന്നു പറഞ്ഞപ്പോൾ, അവരുടെ പരിഹാസം എല്ലാ അതിർവരമ്പുകളും കടന്ന്, മാസമുറ ഉണ്ടാകുന്ന ആളാണ്, അയാൾ എന്നു പറഞ്ഞില്ലേ. ബുദ്ധിഭ്രമം ബാധിച്ച ഒരാളിന്റെ ജൽപനങ്ങളാണിതെല്ലാം എന്ന് ആ നരാധമന്മാർ ആരോപിച്ചില്ലേ? എന്നാൽ നിങ്ങളെ സംബന്ധിച്ചിടത്തോളം (അഹ്മദി മുസ്ലിംകൾ) ഹസ്രത്ത് മസീഹ് മൗഊദ് (അ) നോടുള്ള സ്നേഹാതിരേകത്താൽ നിങ്ങൾ അദ്ദേഹത്തിന്റെ കാലത്ത് ജീവിച്ചിരിക്കുവാൻ ആഗ്രഹിച്ചിരുന്നില്ലേ!

ഹസ്രത്ത് മസീഹ് മൗഊദ് (അ)നെ ചുറ്റിപറ്റി നിന്ന അനുയായികളുടെ ഉദാഹരണം നോക്കൂ! അവരിൽ ചിലർ അദ്ദേഹത്തിന്റെ കാൽപാദം തിരുമ്മിക്കൊടുക്കുമായിരുന്നു. അതിലൊരാൾക്ക് ദൈവീക ചുമന്നമഷി ഒരു ദൈവീകാനുഗ്രഹമായി ലഭിച്ചു. അവർ ഒരു സ്മരണികയായി തീരുവാൻ ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ, ഉടുപ്പ് ഇവയെ്ലലാം ഒരു സ്മരണികയാക്കീത്തീർത്തു. അല്ലാഹു (ത) ഹസ്രത്ത് മസീഹ് മൗഊദ് (അ) നോട് കൃപ ചൊരിഞ്ഞത് ഒരു പ്രവചന രൂപത്തിൽ എന്നും നിലനില്ക്കന്നതാണ്. **അദ്ദേഹത്തിന്റെ സന്ദേശം ലോകത്തിന്റെ എല്ലാ കോണുകളിലും എത്തുന്നതാണ്. രാജാക്കന്മാർ അദ്ദേഹത്തിന്റെ വസ്ത്രത്തിൽ നിന്ന് അനുഗ്രഹങ്ങൾ തേടി എത്തുന്നതാണ്.**

## അഹ്മദികളിൽ നിന്ന് അല്ലാഹുവിന്റെ ദൂതൻ

ഇന്നു അല്ലാഹു നിങ്ങൾക്ക് ഒരു ദൂതനെ, പ്രവാചകനെ ആനുഗ്രഹിച്ച് നല്കിയ ഒരു കാലഘട്ടത്തിലാണ് ജീവിക്കുന്നത്. അല്ലാഹു (ത) എപ്പോഴൊക്കെ ഒരു ദൂതനെ നിയോഗിച്ചിട്ടുണ്ടോ, അപ്പോഴൊക്കെ ജനം അദ്ദേഹത്തിൽ നിന്നും പിന്തിരിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ യഥാർത്ഥ വില സത്യത, പ്രാധാന്യം ഇവ അദ്ദേഹത്തിന്റെ മരണാനന്തരമേ അവർക്ക് മനസ്സിലാവുകയുള്ളൂ. അപ്പോഴവർ കരയും, നിലവിളിക്കും, ദുഃഖത്താൽ നിലത്തു കിടന്നുരുളും, എന്നാൽ ഇതൊക്കെ വളരെ മോശമായ നടപടികളാണ്. സമയം കഴിഞ്ഞുപോയി. ദൂതനുവേണ്ടി അവരെ ഉപേക്ഷിച്ച് പോകരുത്, എന്നവർ നിലവിളിച്ചാലും, സമയമാകുമ്പോൾ അദ്ദേഹത്തിനു പോകേണ്ടതുണ്ട്. അവർ ഖേദിക്കേണ്ടിവരും. നിങ്ങളുടെ ഇടയിൽ അദ്ദേഹം ഉണ്ടായിരുന്നപ്പോൾ, അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സന്ദേശത്തെയും നിങ്ങൾ ഗൗനിച്ചില്ല. നിങ്ങളുടെ നയനങ്ങളെ അദ്ദേഹത്തിൽ നിന്നും ഉയർത്തിക്കളഞ്ഞു. നിങ്ങളദ്ദേഹത്തോട് സലാം പറഞ്ഞില്ല. നിങ്ങൾ പറഞ്ഞത് അവനെ ബഹിഷ്ക്കരിക്കുക. അവനേയും അവനോടൊപ്പമുള്ളവരെയും ക്ഷണിക്കരുത്. എന്നാൽ നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ. ഒരു ദിവസം നിങ്ങൾ

അല്ലാഹുവിന്റെ മുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും അപ്പോൾ നിങ്ങൾ എന്തു കണക്കായിരിക്കും ഇതിനു സമർപ്പിക്കുക. നിങ്ങൾ എന്താണ് ചെയ്യുന്നതെന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ?

ഞാൻ ഇന്ന് എന്റെ പ്രസംഗത്തിന്റെ പ്രധാന വിഷയത്തിലേക്ക് വരികയാണ്. അഹ്മദികളും അവരുടെ മുല്ലാക്കളും വീണിരിക്കുന്ന അധമതയെപ്പറ്റി ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. വർഷങ്ങൾക്ക് മുൻപ് വാഗ്ദത്ത മസീഹിനെ വിശ്വസിക്കാത്ത, ഇതര മുസ്ലിം വിഭാഗങ്ങൾ അദ്ദേഹത്തെ കുറ്റപ്പെടുത്തുകയും, കള്ളനാണെന്നു പറയുകയും, കറുപ്പ് ഉപയോഗിക്കുന്നവനാണെന്ന് ആരോപിക്കുകയു, രോഗിയാണെന്നു പറയുകയും, വാഗ്ദത്ത മസീഹ് (അ) ടോയ്ലറ്റിലാണ് മരിച്ചതെന്നു പറയുകയും ചെയ്തിരുന്ന വരെ, അവരുടെ നടപടികൾ വളരെ അപഹാസ്യമാണ് എന്ന് ചിന്തിച്ചിരുന്നു. ടോയ്ലറ്റിലാണ് വാഗ്ദത്ത മസീഹ് (അ) മരിച്ചതെന്നു പറയുന്നവർക്കുള്ള മറുപടി. അല്ലാഹു കാക്കട്ടെ!

നിങ്ങൾ (ഹ: മസീഹ് മൗഊദ് (അ)ന്റെ ശത്രുക്കൾ) നിങ്ങളുടെ തന്നെ ടോയ്ലറ്റുമായിട്ടല്ലേ നടക്കുന്നത്? നിങ്ങളുടെ ശരീരത്തിലെന്താണുള്ളത്? സുഗന്ധദ്രവ്യമാണോ? അല്ല മുത്തുകളാണോ? ഹസ്രത്ത് മസീഹ് മൗഊദ്(അ) മരണപ്പെട്ടത് ടോയ്ലറ്റിലാണെന്ന് അവർ പറഞ്ഞു. കാരണം അദ്ദേഹത്തിന്റെ മേൽ അത്രത്തോളം എതിർപ്പുകൾ ഉണ്ടായിരുന്നു.

അവർ (അഹ്മദികൾ) അപ്പോൾ പറയുമായിരുന്നു. ഒറ്റശരീരംപോലെ ഞങ്ങളാ വെല്ലുവിളികളെ നേരിട്ടു. അവർ സുദൃഢമായ അവശ്വാസികളായിരുന്നു. മസീഹ് മൗഊദ്(അ)ന്റെ കഠിനശത്രുക്കളായിരുന്നു. സത്യം ഗ്രഹിക്കുവാനായി എണ്ണമറ്റ പുസ്തകങ്ങളും, ലഘുരേഖകളും തയ്യാറാക്കി മനുഷ്യ സമൂഹത്തെ നന്മയിലേക്ക്, സത്യത്തലേക്ക് നയിക്കാൻ പരിശ്രമിച്ചു. തദ്വാര  മുല്ലാക്കളുടെ വാക്കുകളിൽ വിശ്വസിക്കാതിരിക്കുവാനും സത്യത്തിൽ നിന്ന് അകലാതിരിക്കുന്നതിനും വേണ്ടി.

അപ്പോൾ, അവരെ സംബന്ധിച്ചിടത്തോളം ഒരു വ്യക്തി (ഇക്കാര്യത്തിൽ ഹസ്രത്ത് മസീഹ് മൗഊദ് (അ)) രോഗിയാവാൻ പാടില്ല. ഇനി അദ്ദേഹം രോഗിയായാൽ, അദ്ദേഹത്തിന്റെ മേൽ വീണ ശാപമായി കരുതുന്നു. അവർ പറയുന്നു. അദ്ദേഹം ഓപിയം ഉപയോഗിച്ചിരുന്നു എന്ന്. ഹസ്രത്ത് മസീഹ് മൗഊദ് (അ) ഓപിയം ഉപയോഗിച്ചിരുന്നു എന്നതിന് അവർക്ക് തെളിവുകളുണ്ടോ? അദ്ദേഹം കള്ളനാണ് എന്നതിന് അവരുടെ കയ്യിൽ തെളിവുണ്ടോ? രോഗിയായിരുന്നു എന്നതിന് തെളിവുണ്ടോ? അങ്ങനെ ഉണ്ടെങ്കിൽ, അനേകം വർഷങ്ങളായി ജമാഅത്ത് അഹ്മദിയ്യ നിലനില്ക്കുന്നു. അവർ മെഡിക്കൽ തെളിവുകൾ ഹാജരാക്കേണ്ടതായിരുന്നു. അവർക്ക് ഡോക്ടർമാരുടെ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാമായിരുന്നു. ലോകത്തിന് ബോധ്യപ്പെടുത്തുവാൻ അവർക്ക് കഴിയുമായിരുന്നു. എന്നാൽ ഇന്നുവരെയും ആരും ഒരു തെളിവും നല്കിയിട്ടില്ല - എല്ലാം ആരോപണങ്ങൾമാത്രം - ഈ മുസ്ലിം മുല്ലാക്കൾ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളെക്കുറിച്ച് ചിന്തിക്കുന്നവരായിരുന്നില്ല. അവർ ഖുർആൻ മനസ്സിലാക്കിയിരുന്നവരും ആയിരുന്നില്ല. വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)ടെ അധ്യാപനങ്ങളെ പ്രവർത്തി പഥത്തിൽ കൊണ്ടുവരുത്തുന്നവരുമായിരുന്നില്ല. ഈ മുസ്ലിംകൾ എല്ലാം വിപരീതമായാണ് ചെയ്തത്. എന്നാൽ ഇപ്പോൾ നമ്മളെന്താണ് കാണുന്നത്? മുഹമ്മദ് (സ)ടെ സമുദായത്തിൽ നിന്ന് ഹസ്രത്ത് മസീഹ് മൗഊദ്(അ) നെ അല്ലാഹു നിയോഗിച്ചു. എന്നാൽ, ഇന്ന് നാം എന്താണ് കാണുന്നത്? ഈ വിനീതദാസനെ ഹസ്രത്ത് മുഹമ്മദ് (സ)ടെ സമുദായത്തിൽ നിന്നും അല്ലാഹു നിയോഗിച്ചപ്പോൾ, അദ്ദേഹമോ, ഹസ്രത്ത് മുഹമ്മദ് (സ) നെ വിശ്വസിക്കുന്നു ഹസ്രത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിക്കുന്നു. ഇപ്പോൾ അഹ്മദികളും അവരുടെ മുല്ലാക്കളും എന്താണ് ചെയ്യുന്നത്?

## അഹ്മദികൾ എന്താണു ചെയ്യുന്നത്

ദൈവനിയുക്തനായ ഈ വിനീതദാസനിൽ വിശ്വസിച്ചു എന്ന വാർത്ത ലഭിച്ചപ്പോൾ ആ രാജ്യങ്ങളിൽ ഇന്ന്, ഈ അഹ്മദികളും, അവരുടെ മുല്ലാക്കളും എന്താണ് ചെയ്യുന്നത്? അവർ അവരെ പീഡിപ്പിക്കുന്നു. ഈ വിനീതന്റെ മേൽ എല്ലാവിധ കള്ളങ്ങളും ആരോപിക്കുന്നു. ഈ ദൈവീക സത്യത്തിൽ നിന്നും പിന്തിരിപ്പിക്കുവാൻ ശ്രമിക്കുന്നു. ജമാഅത്തിൽ നിന്നും പുറത്താക്കുമെന്ന് ഭീഷണിമുഴക്കുന്നു. അവരുടെ 4-ാം ഖലീഫ പറ

ഞ്ഞതുപോലെ  ഭയാനകമായ വിധി യെക്കുറിച്ച് ഭയപ്പെടുത്തുന്നു. ഈ പ്രചാരണങ്ങൾക്ക്, അവരുടെ ഖലീഫ യെ, അത്ഭുതാവഹമായ ഒരു വ്യക്തിയായി ചിത്രീകരിക്കുന്നു. അദ്ദേഹത്തെ ജനങ്ങൾ ഭയപ്പെടേണ്ടതാണ് എന്ന് പ്രചരിപ്പിക്കുന്നു. ഓരോ വ്യക്തിയുടേയും വിശ്വാസത്തെക്കുറിച്ചുള്ള വിധി പറയാനുള്ള കുത്തകാവകാശം തനിക്ക് ലഭിച്ചിട്ടുണ്ട് എന്ന നിലയിൽ അദ്ദേഹത്തെ അവർ എടുത്തുകാണിക്കുന്നു. എവിടെയൊക്കെ ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം പുരോഗതി പ്രാപിക്കുന്നുവോ അവിടെയൊക്കെ അവർ കുഴപ്പം സൃഷ്ടിക്കിന്നു.

## മൗറീഷ്യസ് പള്ളികളിൽ അഹ്മദികൾ എന്തു ചെയ്യുന്നു

ദ്വീപിലെ (മൗറീഷ്യസ് എല്ലാ പള്ളികളിലും ഈ വിനീതനെതിരിൽ മോശമായ സംസാരങ്ങൾ സംഘടിപ്പിക്കുന്ന തിരക്കിലാണവർ. അവർ ഒരുക്കുന്ന ഗൂഢപദ്ധതികളിൽ എനിക്ക് തെല്ലും അത്ഭുതമില്ല.

## സത്യത്തിനനുകൂലമായി വലിയ ഒരു ദൃഷ്ടാന്തം

ഇവിടെ മൗറീഷ്യസിൽ, ഒരു മുസ്ലീം സഹോദരൻ അഹ്മദി അല്ലാത്തയാൾ, ദ്വീപിന്റെ തെക്കുഭാഗത്ത്, സത്യത്തെകുറിച്ചുള്ള അന്വേഷണത്തിലായിരുന്നു. ഇസ്ലാമിലെ വിവിധ കക്ഷികളെ കുറിച്ച് പഠിക്കുകയും സത്യസംഘം ഏതാണെന്ന് അറിയുവാനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയുമായിരുന്നു. ഇസ്ലാമിൽ നൂതനമായി കൂട്ടിച്ചേർക്കുകയും,അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന, ചില ഇസ്‌ലാമിക പ്രസ്ഥാനങ്ങളിലായിരുന്ന അദ്ദേഹം പൂർണ്ണതൃപ്തി ലഭിക്കാത്തതുമൂലം അതുപേക്ഷിക്കുകയുണ്ടായി. രണ്ടുമാസങ്ങൾക്കു മുമ്പ് നമ്മുടെ  യൂടൂബ് ചാനലും വീഡിയോകളും കാണുവാനിടയായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, എന്റെ പ്രഭാഷണങ്ങൾ ദർശിക്കുവാൻ കഴിഞ്ഞു. തുടർന്ന് നിത്യവും നമ്മുടെ വെബ്സൈറ്റുമായി ബന്ധപ്പെടുകയും ഈ വിനീതന് ഈമെയിൽ അയയ്ക്കുകയും ചെയ്തു.

## സത്യം കണ്ടെത്തുവാനുള്ള വഴി

അതേസമയം എന്റെ സത്യതയെക്കുറിച്ച് അറിയുവാനും അല്ലാഹുവിന്റെ പ്രതിനിധിയാണോ എന്നറിയുവാനും അദ്ദേഹം അല്ലാഹുവിലേക്ക് തിരിയുകയും ദുആ ചെയ്യുകയും ചെയ്തു. സത്യത്തിനു വേണ്ടിയുള്ള അന്വേഷണത്തിന്റെ ആത്മാർത്ഥതയെ കണക്കിലെടുത്ത് അല്ലാഹു അദ്ദേഹത്തിന്റെ ദുആ സ്വീകരിക്കുയുണ്ടായി. തുടർന്ന് അദ്ദേഹം അതിമനോഹരമായ ഒരു സ്വപ്നം ദർശിക്കുകയുണ്ടായി. യൂടൂബിലൂടെ എന്റെ ഒരു പ്രഭാഷണം കണ്ടുകൊണ്ടിരിക്കുന്നതായി വളരെ വ്യക്തമായി സ്വപ്നത്തിൽ കണ്ടു. പെട്ടെന്ന് മുൻപരിചയമില്ലാത്ത ഒരാൾ അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷനായി.

ഈ വാക്കുകളിലൂടെ നമ്മുടെ സഹഹോദരൻ ആ ദൈവീകമനുഷ്യനെ വിവരിച്ചു.(ക്രയോൾ ഭാഷയിലായിരുന്നു). ''ആ മനുഷ്യൻ പ്രകാശത്തിൽ കുളിച്ചുനിൽക്കുയായിരുന്നു. അദ്ദേഹത്തിന്റെ മുഖകമലം പ്രശോഭിതമായിരുന്നു; അദ്ദേഹത്തിന്റെ കണ്ണുകൾ ഡയമണ്ട് പോലിരുന്നു'' അതിനുശേഷം അദ്ദേഹം പറയുന്നു- ഈ മനുഷ്യൻ ചെറിയ കഷണം പേപ്പർ അദ്ദേഹത്തിനുകൊടുത്തു. അതിൽ ഈ വിനീതനെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു.

## അവൻ കള്ളം പറയുന്നില്ല

ഈ സ്വപ്നം കണ്ടുകഴിഞ്ഞശേഷം തനിക്കറിയാവുന്ന ചില അഹ്മദി സുഹൃത്തുകളുമായി അദ്ദേഹം ബന്ധപ്പെട്ടു എന്നിട്ട് ഈ വിനീതനെ പറ്റി അന്വേഷിച്ചു. ഈ അഹ്മദികൾ അദ്ദേഹത്തോട് പറഞ്ഞു. ഞാനൊരു മാനസികരോഗിയാണെന്ന്  ഈ വിവരങ്ങൾ എന്നെ വിഷമിപ്പിക്കുമെന്നു കരുതി എന്നെ അറിയിക്കാൻ താല്പര്യപ്പെട്ടിരുന്നില്ല.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഈ ആരോപണത്തിൽ എനിക്ക് അശേഷം പ്രയാസമില്ല; അത്ഭുതവുമില്ല. ആകാശഭൂമികളുടെ സൃഷ്ടിപ്പു മുതൽ, മനുഷ്യനെ ഭൂമിയിൽ സൃഷ്ടിച്ചതു മുതൽ, അല്ലാഹു താൻ തിര

ഞ്ഞെടുക്കുന്ന ദൂതന്മാരെയും, ഭൂമിയിൽ, നിയോഗിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആൻ എടുത്തുവായിക്കൂ! അല്ലാഹുവിന്റെ ദൂതന്മാർ വന്നപ്പോഴൊക്കെ ജനങ്ങൾ എല്ലാം അവരെ സ്വീകരിച്ചതായും, പരീക്ഷണങ്ങളൊന്നുമില്ലാതെ കാര്യങ്ങൾ എളുപ്പമായിരുന്നതായും രേഖപ്പെടുത്തിയിരിക്കുന്നത് എവിടെയാണെന്ന് പറഞ്ഞു തരൂ-

ഏകദൈവത്തിലേക്ക് ക്ഷണിക്കുവാനായി അല്ലാഹുവിന്റെ ദൂതന്മാർ വന്നപ്പോഴെല്ലാം അവർക്ക് എല്ലാ വിധ പീഡനങ്ങളും നേരിടേണ്ടതായി വന്നിട്ടുണ്ട്. അതുപോലെ, എല്ലാ വിധ ചീത്തപ്പേരുകളും കേൾക്കേണ്ടി വന്നിട്ടുണ്ട്. ദൈവത്തിന്റെ സന്ദേശവാഹകരായ ഈ ദൂതന്മാർക്ക് അവർ ചാർത്തിക്കൊടുത്ത നാമങ്ങൾ കിറുക്കൻ, ദുർമന്ത്രവാദി, പരസ്ത്രീഗമനം നടത്തുന്നവൻ അങ്ങനെ പലതും.

## നിന്ദ്യരായ മന്ദബുദ്ധികൾ ഇന്റർനെറ്റിൽ:

റാഷിദ് ജഹാൻഗിരിയേയും മുഷ്താഖ് മാലിക്കിനേയും പോലുള്ള ആളുകൾ ഈയിടയായി ചില ജൽപനങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അവർ പറഞ്ഞു. ഞാൻ ജാമിആ യിൽ പഠിക്കാൻ പോയിട്ടുണ്ടെന്നും, ഈ വിനീതൻ ഒരു സ്വവർഗ്ഗഭോഗിയാണെന്നും. മുസ്‌ലിഹ് മൗഊദ് (റ) ലുള്ള വിശ്വാസവും, അദ്ദേഹവുമായുള്ള ഞങ്ങളുടെ ബന്ധവുമാണ് ഈ ആരോപണങ്ങൾക്ക് കാരണമെന്നു കരുതുന്നു. അവർക്ക് ഇത് തെളിയിക്കാൻ കഴിയുമോ? അയാൾ വായാടിത്തം നടത്തുകയാണ്. അധർമ്മമായ അധമതയിൽ പ്രവേശുക്കുകയാണ്. ഹസ്രത്ത് മുസ്‌ലിഹ് മൗഊദ് (റ)ന് എതിരിൽ അവർ നിന്ദ്യമായ വാക്കുകളാണ് പ്രയോഗിക്കുന്നത്. അവർ മുസ്ലിഹ് മൗഊദ് (റ)ന് എതിരായി സംസാരിക്കുമ്പോൾ, ഞാനും അപ്രകാരം ചെയ്യുമെന്ന് കരുതി. ഇല്ല; മറിച്ച് ഹസ്രത്ത് മുസ്‌ലിഹ് മഊദ് (റ)ന്റെ മഹത്വത്തെ സംരക്ഷിക്കുവാൻ ഞങ്ങളിവിടെ തയ്യാറായി നില്ക്കുകയാണ്. അദ്ദേഹത്തിന്നെതിരായി അവർ പ്രയോഗിച്ച വാക്കുകൾ വളരെ വൃത്തികെട്ടതാണ്. ആ വാക്കുകൾ ഇവിടെ പരസ്യമായി പറയുന്നത് നല്ലതാണെന്നു കരുതുന്നില്ല. ചുരുക്കത്തിൽ അവർ പറയുന്നത് മിഷണറി ജാമിആ യിൽ പോയവരെല്ലാം സ്വവർഗ്ഗരതിക്കാരാണ് - എന്നാണ് ഡയ്റേ ലിയോണെയേയും അവർ പറയും. അറുപതുകളിൽ അത്തരത്തിലുള്ള ചില പരാതികളുണ്ടായിട്ടുണ്ട്. മനോമാന്ദ്യത്തിന്റെ പര്യായമായ റഷീദ് ജഹാൻഗിരിയും സഹായി മുഷ്താക്ക് മാലിക്കും - ഇൻശാ അല്ലാഹ് എന്റെ ജീവിതത്തെക്കുറിച്ചറിയാത്ത, ഇവരുടെ രണ്ടുപേരുടെയും അർത്ഥശൂന്യമായ ജല്പനങ്ങളെക്കുറിച്ച് പിന്നീട് പ്രതികരിക്കുന്നതാണ്. ഞാൻ നിശ്ശബ്ദനായിരിക്കുമ്പോൾ, അവർ പറയുന്നതിനെപ്പറ്റി ശ്രദ്ധിക്കുന്നില്ലാ എന്ന് കരുതരുത്. എപ്പോഴും ഞാൻ ചെയ്യുന്നതുപോലെ, ഒരു വിഷയം ചർച്ച ചെയ്യുന്നതിനു മുമ്പ്, ആദ്യമായി ദൈവീക സന്ദേശത്തിനായി ഞാൻ കാത്തിരിക്കുന്നു. (അല്ലാഹുവിന്റെ ദൂതന്റെ മേൽ ആരോപിച്ച കള്ളങ്ങളുടെ) ലിസ്റ്റ് വളരെ വലുതാണ്. നിങ്ങൾ ഖുർആൻ വായിക്കുക നിങ്ങൾക്കു കാണാൻ കഴിയും. ഇൻഷാ അല്ലാഹ്.

## തബ്‌ലീഗ് പ്രവർത്തന റിപ്പോർട്ട്

ഞാൻ മാനസിക രോഗിയാണെന്ന് പറയുന്ന അഹ്മദികളോട് ഞാൻ പറയുന്നു നിങ്ങൾ മുന്നോട്ടു വരിക. തൽസംബന്ധമായ തെളിവുകൾ കാണിക്കുക. ലോകം അതു കണ്ടു മനസ്സിലാക്കട്ടെ. തെളിവുകൾ ഹാജരാക്കൂ. ഞാൻ മാനസിക രോഗിയാണെന്ന് ഡോക്ടറുടെ സർട്ടിഫിക്കേറ്റ്, അഥവ മാനസിക രോഗാശുപത്രിയുടെ സാക്ഷ്യപത്രം. മുനീർ അഹ്മദ് അസീം ജമാഅത്ത് അഹ്മദിയ്യായ്ക്കുവേണ്ടി 1987 മുതൽ 2000 വരെ സേവനം ചെയ്തപ്പോൾ, റീയൂണിയൻ ഐലന്റ്, മയോട്ടെ, സെചെല്ലിസ്, റോഡ്‌റീഗ്യൂസ് എന്നിവിടങ്ങളിൽ അഹ്മദിയ്യ ജമാഅത്തു സ്ഥാപിച്ചപ്പോൾ, നഷ്ടപ്പെട്ടുപോയ ധാരാളം ആളുകളെ അഹ്മദിയ്യാ ജമാഅത്തിലേക്ക് കൊണ്ടുവന്നപ്പോൾ - നിങ്ങളുടെ നാലം ഖലീഫ, ഞാനയച്ച തബ്‌ലീഗ് റിപ്പോർട്ടുകൾക്ക് മറുപടിയായി അദ്ദേഹം എന്നെപ്പറ്റി എഴുതി ("Full - Pledge missionary" despite not being grduated from any missionary Jamiah) ഒരു മത സർവ്വകലാശാലയിൽ നിന്നും ബിരുദം നേടിയിട്ടില്ലെങ്കിലും - പൂർണ്ണപ്രതിജ്ഞാ ബദ്ധനായ മതപ്രചാരകൻ - സെചെല്ലിസിൽ ഞാൻ നടത്തിയ തബ്‌ലീഗ് പ്രവർത്തനങ്ങളെ പ്രകീർത്തിച്ചുകൊണ്ട്, കെനിയൻ ജമാഅത്തിനു ചെയ്യാൻ കഴിയാത്ത കാര്യം, മൗറീഷ്യസ് ജമാഅത്തിനു കഴിഞ്ഞു - എന്ന് സ്തുതിച്ചു പറ

ഞ്ഞില്ലേ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ മഹത്തായ സേവനങ്ങൾ മുനീർ അഹ്മദ് അസീം ചെയ്തപ്പോൾ, അയാൾ ആരോഗ്യമുള്ള ആളായിരുന്നു; മാനസികരോഗി ആയിരുന്നില്ല. അല്ലേ? അവരെ സംബന്ധിച്ചിടത്തോളം ഖലീഫ സന്തോഷവാനാണെങ്കിൽ, അല്ലാഹു സന്തോഷവാനായതുപോലെയാണ്. അല്ലാഹുവിനേക്കാൾ പ്രാധാന്യം അവർ ഖലീഫയ്ക്ക് നല്കി.

2000-ാമാണ്ടിലെ ജലസാ സാലാനയിൽ നാലാം ഖലീഫ ഔദ്യോഗികമായി ഇക്കാര്യങ്ങൾ അനുസ്മരിച്ചിട്ടുണ്ട്. (ഇത് നിങ്ങൾക്ക് കാണണമെങ്കിൽ, ഞങ്ങളുടെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതാണ്. മാത്രമല്ല പുറത്താക്കൽ പ്രഖ്യാപനം നടത്തുന്ന മുൻ അമീറിന്റെ മാംസം ഭക്ഷിക്കുന്ന പ്രഭാഷണം ശ്രദ്ധിക്കണമെങ്കിൽ അതും ഞങ്ങൾ അപ്ലോഡ് ചെയ്യുന്നതായിരിക്കും ഇൻഷാ അല്ലാഹ്) അവലോകന പ്രഭാഷണത്തിന്റെ വീഡിയോ കാണുക. ആ സമയത്ത് ഞങ്ങൾ രണ്ടു പേരിൽ ആർക്കായിരുന്നു അസുഖമെന്ന് മനസ്സിലാകും. നാലാം ഖലീഫയ്ക്കോ അതല്ല എനിക്കോ? ആ സമയത്ത് വിവിധ ദ്വീപുകളിൽ നടത്തിയ തബ്ലീഗ് പ്രവർത്തനങ്ങളെക്കുറിച്ച് പ്രഭാഷണം നടത്തുവാൻ എല്ലാ അഹ്മദിയ്യാ പള്ളികളിൽ നിന്നും എനിക്ക് ക്ഷണം ലഭിക്കുകയുണ്ടായി. ആ സമയത്ത് എന്നെ അവർ ഒരു മാനസിക രോഗിയായി കണക്കാക്കുകയുണ്ടായില്ല.

## ഹസ്രത്ത് മുനീർ അഹ്മദ് (അ)ന്റെ പദവി:

ഇപ്പോൾ അല്ലാഹു എനിക്ക് വെളിപാടുകൾ നല്കുന്നു. എന്റെ പദവി അവൻ ഉയർത്തിയിരിക്കുന്നു. ഈ വിനീതസേവകനെ ഈ നൂറ്റാണ്ടിലെ അവന്റെ സന്ദേശവാഹകനായി നിശ്ചയിച്ചിരിക്കുന്നു-

## അഹ്മദിയ്യാ ഖലീഫയുടെ പദവി

അഹ്മദികൾ അവരുടെ ഖലീഫയെ ആരാധനമൂർത്തി ആക്കിയിരിക്കുന്നു. അഹ്മദിയ്യത്തിന്റെ അധ്യാപനങ്ങളെ അവർ ചവിട്ടി താഴ്ത്തിയിരിക്കുന്നു. വിശുദ്ധ ഖുർആന്റെയും, ഹസ്രത്ത് മുഹമ്മദ് (സ)ന്റെയും ഹസ്രത്ത് മസീഹ് മൗഊദ് (അ) ന്റെ അദ്ധ്യാപനങ്ങളെ അവർ നിലംപരിശാക്കിയിരിക്കുന്നു. ഈ അധ്യാപനങ്ങളെല്ലാം അവർ നിസ്സാരമായി കരുതിയപ്പോൾ, അവർക്ക് ഈ അനുഗ്രഹങ്ങളെല്ലാം നഷ്ടമായി. ഇപ്പോൾ അവരെന്താണു ചെയ്യുന്നത്? സത്യത്തെ അസത്യം കൊണ്ടുപൊതിയാൻ ശ്രമിക്കുന്നു.

## സത്യാന്വേഷിയായ സഹോദരനോട്:

ഞാനീ സത്യാന്വേഷിയായ സഹോദരനോട് പറയുന്നു. ദുആയുടെ ഫലമായി അല്ലാഹു നിങ്ങൾക്ക് ഒരു വലിയ ദൃഷ്ടാന്തമാണ് കാണിച്ചുതന്നിട്ടുള്ളത്. അൽഹുംദുലില്ലാഹ് പ്രപഞ്ചത്തിന്റെ സ്യഷ്ടാവ് അല്ലാഹു ആകുന്നു. അവനിലേക്കാണ് ഓരോരുത്തരും മടങ്ങിപോകുന്നത്. അപ്പോൾ ഓരോരുത്തരും അവരവരുടെ കണക്കുകൾ ബോധിപ്പിക്കേണ്ടിവരും. ആയതിനാൽ ദൈവീക ദൃഷ്ടാന്തങ്ങളെ അവഗണിക്കരുത്. സൃഷ്ടികളുടെ വാക്കുകൾ കേട്ട് വിശ്വസിക്കരുത്. അങ്ങനെ ചെയ്താൽ അതൊരു കുറ്റകരമായ പ്രവർത്തി ആയിപ്പോകും. അവരെ അനുസരിച്ചാൽ അവർ ശരിയായ പാതയിൽ നിന്നും തെറ്റിക്കും. സ്വപ്നദർശനത്തിലൂടെ, അല്ലാഹു തന്റെ മലക്കുകളിലൂടെ, വെളിപ്പെടുത്തിയിരിക്കുന്നു. അല്ലാഹു (ത) വളരെ വ്യക്തമായി കാണിച്ചിരിക്കുകയാണ് - **ഞാൻ എന്റെ പ്രഖ്യാപനത്തിൽ കള്ളം പറയുന്നില്ല –** എന്ന്. ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ പ്രതിനിധിയായി എന്നെ നിയോഗിച്ചിരിക്കുന്നു എന്ന വസ്തുത അവന്റെ പേരിലാണ് (അല്ലാഹുവിന്റെ നാമത്തലാണ്) ഞാൻ പ്രഖ്യാപിച്ചിട്ടുള്ളത്.

## സത്യനിഷേധികളോട് സത്യത്തെക്കുറിച്ച് ചോദിച്ചാൽ

ഈ ചോദ്യം ക്രിസ്ത്യാനികളോടും ജൂതന്മാരോടും ചോദിക്കുക. ഇസ്ലാമിനെ ഒരു സത്യമതമായി കാണുന്നുണ്ടോ? പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) മഹാനായ പ്രാവചകനാണോ? അദ്ദേഹം സത്യവാനാണോ?

വിശുദ്ധ ഖുർആൻ വചനങ്ങളെ സംബന്ധിച്ച് എന്താണ് നിങ്ങൾ കരുതുന്നത്? അവരിൽ നിന്നും അനുകൂലമായ മറുപടി ലഭിക്കുമോ? അവർ അതേ എന്നു പറഞ്ഞാൽ, ഇതെല്ലാം സത്യമാണ് എന്ന് പറഞ്ഞാൽ, ഇസ്‌ലാം സത്യമാണ് എന്നു പറഞ്ഞാൽ, അവർ നിശ്ചയമായും മുസ്‌ലിംകളാകുമായിരുന്നു.

ഇസ്‌ലാമിന്റെയും ഹസ്രത്ത് മുഹമ്മദ് (സ)ന്റെയും ശത്രുക്കൾ ഇസ്‌ലാമിനോടും നബി (സ)നോടും അവരുടെ ദ്രോഹം ഒരിക്കലും അവസാനിപ്പിക്കില്ല. ഇസ്‌ലാം ഒരു യഥാർത്ഥ മതമാണ് എന്ന് അവർ വിശ്വസിച്ചിരുന്നെങ്കിൽ, അവർ നിശ്ചയമായും ഇസ്‌ലാം മതം സ്വീകരിക്കുമായിരുന്നു.

## അഹ്മദി മുല്ലാക്കളെ, മുന്നോട്ട് വരിക!

ഞാനൊരു മാനസിക രോഗിയാണ് എന്നു പറയുന്ന അഹ്മദികൾ മുന്നോട്ടുവരട്ടെ, അവർ പറയുന്ന കാര്യത്തിൽ ഉറപ്പും തഖ്‌വയും ഉണ്ടെങ്കിൽ, ഞാൻ യഥാർത്ഥത്തിൽ തെറ്റുകുറ്റങ്ങളാൽ നിറയപ്പെട്ട ഒരു രോഗിയാണെന്ന് ലോകസമക്ഷം അവർ തെളിയിക്കട്ടെ. അങ്ങനെ ചെയ്താൽ എന്റെ ജമാഅത്തിലുള്ളവരെ നീക്കം ചെയ്യാനും, ഒരു മനോരോഗിയിൽ നിന്നും അവരെ രക്ഷപ്പെടുത്തുവാനും സാധിക്കുമല്ലോ.

ദൈവീക വെളിപാടുകൾ ലഭിക്കുന്നു എന്ന ഒറ്റക്കാരണത്താലാണ് അവരെന്നെ ജമാഅത്തിൽ നിന്നും പുറത്താക്കിയത്. അതുകൊണ്ട് തന്നെ അക്കാര്യം അവർ പരസ്യപ്പെടുത്തുന്നുമില്ല. ദീർഘകാലം ജമാഅത്തിന്റെ ഒരു സേവകൻ എന്ന നിലയിൽ അവർ എന്റെ ശമ്പളവും മറ്റാനുകൂല്യങ്ങളും തടഞ്ഞുവച്ചിരിക്കുന്നു. ഈ സത്യവും അവർ മറച്ചുവെച്ചിരിക്കുന്നു. എക്സ്ഗ്രാഷ്യ നല്കുന്നതിനെ സംബന്ധിച്ച് അവർ സംസാരിക്കുന്നു. അവരുടെ എക്സ്ഗ്രാഷ്യ എനിക്കാവശ്യമില്ല. എനിക്ക് വേണ്ടത് എന്റെ വിയർപ്പിന്റെ വിലയാണ്. രാജ്യത്തു നിലനില്ക്കുന്ന നിയമമനുസരിച്ച് ഒരു മുതലാളി തൊഴിലാളിക്കു നല്കുന്ന വേദനമാണ് ആവശ്യം. നിശ്ചയമായും ഇസ്‌ലാം പഠിപ്പിക്കുന്നു. **ഒരു തൊഴിലാളിയുടെ വിയർപ്പ് ഉണങ്ങുന്നതിനു മുമ്പ് അവന്റെ വേദനം നല്കിയിരിക്കണം– എന്ന്.**

ജമാഅത്തിന്റെ പണം കട്ടുതിന്നുവർ ഇപ്പോഴും ജമാഅത്തിൽ തന്നെയുണ്ട്. ഇക്കാര്യങ്ങളെകുറിച്ച് ഒരന്വേഷണവും നടത്തുന്നില്ല. എന്നാൽ അല്ലാഹു തിരഞ്ഞെടുത്ത ഒരാൾക്ക് വെളിപാടുകൾ ലഭിച്ചാൽ അയാളെ പുറത്താക്കുകയും, രോഗിയാണെന്ന് മുദ്രകുത്തുകയും ചെയ്യുന്നു. ഖലീഫയെ സംരക്ഷിക്കുന്നവരെയും, അവരുടെ അമീറിനേയും, മുല്ലാക്കളെയും ശക്തമായി നേരടുന്നതിനായി ഞാൻ കാത്തിരിക്കുകയാണ്. ഇൻഷാ അല്ലാഹ്.

കപടവിശ്വാസികളോടും, അക്രമികളോടും, പോരാടുന്നതിന് ഒരു സത്യവിശ്വാസി അശേഷം ഭയപ്പെടുകയില്ല. **അല്ലാഹുവിന്റെ ദാസൻ അല്ലാഹുവിന്റെ സിംഹമാണ്.** എല്ലാ (അവൻ പ്രത്യക്ഷപ്പെട്ടാൽ) എല്ലാ കഴുതകളും പലായനം ചെയ്യുന്നതാണ്. അതിനാൽ മുന്നോട്ടു വരിക. എന്നെ നേരിടുന്നതിന് നിങ്ങൾക്ക് എല്ലാവിധ സൗകര്യങ്ങളും നിലനില്കുന്നുണ്ട്. ഞാൻ പറയുന്നതിനെയും എഴുതുന്നതിനെയും ഖണ്ഡിക്കുക. അവയെല്ലാം ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം വെബ്സൈറ്റിൽ ലഭ്യമാണ്. നിങ്ങൾ തഖ്‌വ ഉള്ളവരാണെങ്കിൽ കഴുതകളെപോലെ ഓടിപ്പോകരുത്. നിങ്ങൾ പറയുന്നതിൽ സത്യമുണ്ടെങ്കിൽ നേരിടുക. ഞാനാണോ, അതോ നിങ്ങളാണോ മാനസിക രോഗി എന്ന് ലോകം കാണട്ടെ. **സത്യാന്വേഷികൾ സത്യം മനസ്സിലാക്കട്ടെ. അല്ലാഹു (ത) ആരോടൊപ്പമാണെന്ന് ലോകം സാക്ഷ്യം വഹിക്കട്ടെ. എന്നോടും ദൈവീക കരങ്ങളാൽ ഉയർത്തിയ ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമിനോടൊപ്പവുമാണോ? അതോ, അഹ്മദികളായ നിങ്ങളോടും, നിങ്ങളുടെ അമീറിനോടും, മുല്ലാക്കളോടും, ലണ്ടനിലെ വിരലിലെണ്ണാവുന്ന സുഹൃത്തുകളോടൊപ്പവുമാണോ?**

**മുന്നോട്ട് വരിക. ഞാൻ കാത്തിരിക്കുകയാണ്. ഇൻഷാ അല്ലാഹ്. ഇതൊരു ധർമ്മസമരത്തിനുള്ള അവസരമാണ് പാഴാക്കികളയരുത്; ഇൻഷാ അല്ലാഹ്.**

**Translated by**

R. Jamaludin Raother
Amir

Jamaat-Ul-Sahih-Al-Islam, Kerala. Reg. No. A693 Ph: 9447001832, 0475 2220223
Email: jamal.raother@gmail.com, Web: www.jamaat-ul-sahih-al-islam.com